II ഇ.ബി. XIII- കേരള നിയമസഭ/X-7

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 23, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**20(T*181) ആധാർ കാർഡ്**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയ്യുന്നതിനും അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമാണ് ആധാർ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് സഭയെ അറിയിച്ചു. ക്ഷേമ പെൻഷനുകളും സ്കോളർഷിപ്പുകളും ആധാർ ബന്ധിതമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആധാർ നിർബന്ധമാക്കേണ്ടതില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. ഇക്കാര്യത്തിൽ ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അവ റിവ്യൂ ചെയ്യുന്നതാണ്. ആധാറിന്റെ പേരിൽ ആരും ബുദ്ധിമുട്ട് അനുഭവിക്കാൻ

പാടില്ലെന്ന സുപ്രീം കോടതിയുടെ ഇടക്കാല വിധിയുണ്ടെന്നും ആരുടെയും ആനൂകൂല്യങ്ങൾ നഷ്ടപ്പെടില്ലെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി കളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. എൽ.പി.ജി. സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതിന് 28–02–2014 വരെ സമയം അനുവദി ച്ചിട്ടുണ്ടെന്നും ഇത് 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ അനുകൂല സമീപ നമാണ് ഉണ്ടായിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു. ആധാർ ആധികാരിക ഐഡന്റിഫിക്കേഷൻ നമ്പരാണെന്നും ഇതിലൂടെ മദ്ധ്യവർത്തികളെ ഒഴിവാക്കാനും തട്ടിപ്പുകൾ തടയാനും കഴിയുമെന്നും ആധാർ കാർഡിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള സംവിധാനമുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (*182) <u>എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളുടെ തുടർനടപടികൾ</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എമർജിംഗ് കേരളയിലൂടെ അവതരിപ്പിച്ച അടിസ്ഥാന സൗകര്യ വികസനം, ഉന്നതവിദ്യാഭ്യാസം, വിജ്ഞാനമേഖല, ഐ.ടി., സ്കിൽ ഡെവല പ്മെന്റ്, ഇലക്ട്രോണിക്സ്, വിനോദസഞ്ചാരം, കൃഷി, ഭക്ഷ്യസംസ്കരണം, ബയോടെക്നോളജി എന്നീ മേഖലകളിലെ നിക്ഷേപസാദ്ധ്യതകളിൽ 177 പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും വ്യവസായ വകുപ്പിന്റെ കീഴിൽ വന്ന 46

പദ്ധതി നിർദ്ദേശങ്ങളിൽ 19 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ഇതിലൂടെ 20969 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ അറിയിച്ചു. എമർജിംഗ് കേരള സംഗമത്തിൽ ലഭിച്ച പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും പ്രോജക്ടുകൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും പദ്ധതികളെയും ഫലവത്താക്കാൻ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിക്കാൻ കഴിയാതിരുന്ന പദ്ധതി കൾക്ക് വിശദമായ സാദ്ധ്യതാ പഠനം നടത്താനും കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായ ഭേദഗതികളോടുകൂടിയ പ്രോജക്ടുകൾ സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എൻവയോൺമെന്റ് ഫ്രണ്ട്ലിയായ വ്യവസായങ്ങൾ മാത്രം ആരംഭിക്കുന്നതിനുതകുന്ന തരത്തിൽ വ്യവസായനയം മാറ്റേണ്ടതുണ്ടെന്നും കിനാലൂരിൽ സബ്സ്റ്റേഷൻ നിർമ്മി ക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും കുണ്ടറ ഐ.ടി. പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരി ക്കുന്നതാണെന്നും സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ഒരു പാക്കേജ് നടപ്പിലാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. മത്സ്യത്തൊഴിലാളികളുടെ എതിർപ്പിനെത്തുടർന്ന് തടസ്സപ്പെട്ടി

രിക്കുന്ന സീ പ്ലെയിൻ പദ്ധതി മത്സ്യബന്ധനമില്ലാത്ത മേഖലയിൽ നടപ്പിലാക്കാനാണ് ശ്രമിക്കുന്നതെന്നും എല്ലാവരുടെയും സഹകരണം അതിനാവശ്യമാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വ്യക്തമാക്കി.

**22(*183) <u>സൗരോർജ്ജനയം</u>**

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, സൗരോർജ്ജ നയത്തിന്റെ ഭാഗമായി സർക്കാർ വകുപ്പുകളുടെ ഊർജ്ജനയങ്ങളിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതിന്റെ നടത്തിപ്പിനായി 20.01.2014-ലെ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2012-ൽ 500MW, 2030-ൽ 2500MW എന്ന തോതിൽ സൗരോർജ്ജം ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സൗരോർജ്ജ പ്ലാന്റിന്റെ പ്രവർത്തനകാലംവരെ സിസ്റ്റം പ്രൊവൈഡറിന്റെ സേവനം ലഭ്യമാക്കണമെന്നും ഗ്രിഡ് ടൈ സോളാർ പ്ലാന്റുകൾക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ച സ്റ്റാൻഡേർഡ് പ്രകാരമുള്ള സാധന സാമഗ്രികൾ ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ലൈസൻസുള്ളവർക്കും കേന്ദ്രഗവൺമെന്റിന്റെ MNRE (Ministry of New and Renewable Energy) തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ സംരംഭകർക്കും മാത്രമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ജർമ്മൻ

സാങ്കേതികവിദ്യ സ്വായത്തമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഈ മേഖലയിലെ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. സൗരോർജ്ജം പരമാവധി ഉൽപ്പാദിപ്പിച്ച് ഊർജ്ജ ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി കളുടെ ഭാഗമായി ആറായിരം വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപി ക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കല്ലടയിൽ 50 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപ്പറേഷനുമായി എം.ഒ.യു. ഒപ്പു വച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. യുടെ പ്രോജക്ടുകളിലും സോളാർ എനർജി ഉല്പാദിപ്പിക്കാനുള്ള നടപടികളെടുത്തിട്ടുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 23 (*184) സഹകരണമേഖലയിലെ പൊതുവിതരണ സംരംഭങ്ങളിൽ അവശ്യസാധന ദൗർലഭ്യം

സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, 2013 ഡിസംബർ 24 മുതൽ 31 വരെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 1786 ചന്തകളിലൂടെ ന്യായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഫണ്ടിന്റെ അപര്യാപ്തതമൂലം കൺസ്യൂമർഫെഡിന്റെ ത്രിവേണി, നന്മ സ്റ്റോറുകളിൽ എല്ലാ സാധനങ്ങളും ആവശ്യത്തിന് സ്റ്റോക്ക് ചെയ്യാൻ കഴിയാത്തതിനാൽ മുൻവർഷത്തെ അപേക്ഷിച്ച് പൊതുവിപണിയിൽ വിപുലമായി ഇടപെടുന്നതിന് സാധിച്ചിരുന്നില്ല. 2013 ഡിസംബർ മാസം

സർക്കാരിൽനിന്നും 25 കോടി രൂപ നൽകിയതിനെത്തുടർന്ന് സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ എത്തിക്കാൻ കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങമൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2219 മുതൽ 2510 വരെയുള്ള ചോദ്യങ്ങളിൽ 186 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)